"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - കൊല്ലം കാഞ്ഞിരക്കോട് സെന്റ് മാർഗരറ്റ്സ് എൽ.പി.എസ്.ൽ എൽ.പി.എസ്.റ്റി. ആയ ശ്രീമതി. സിന്ധുമോൾ ജെ. ഫയൽ ചെയ്ത WP(C)No.39322/2023-ന്മേൽ ബഹു.ഹൈക്കോടതി 08.12.2023 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.4106/2024/GEDN തീയതി,തിരുവനന്തപുരം, 28-06-2024**

---

പരാമർശം:-

1. ശ്രീമതി. സിന്ധുമോൾ ജെ. സമർപ്പിച്ച 09.11.2023-ലെ റിവിഷൻ ഹർജി (Ext.P4)
2. WP(C)No.39322/2023-ന്മേൽ ബഹു.ഹൈക്കോടതി 08.12.2023 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം
3. കുണ്ടറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 06/02/2024 തീയതിയിലെ AEOKND/961/2023/D നമ്പർ കത്ത്
4. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17/02/2024 തീയതിയിലെ ഡി.ഇ.ഒ/2161/23 -B1 നമ്പർ കത്ത്
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20.02.2024- ലെ എഫ്.4 /3321/2024/ഡി.ജി.ഇ നമ്പർ കത്ത്

ഉത്തരവ്

കൊല്ലം കാഞ്ഞിരക്കോട് സെന്റ് മാർഗരറ്റ്സ് എൽ.പി.എസ്.ൽ എൽ.പി.എസ്.റ്റി. ആയി നിയമിക്കപ്പെട്ട ശ്രീമതി. സിന്ധുമോൾ ജെ. ഫയൽ ചെയ്ത WP(C)No.39322/2023-ന്മേൽ ബഹു. ഹൈക്കോടതി 08.12.2023 തീയതിയിൽ

പുറപ്പെടുവിച്ച വിധിന്യായത്തിൽ ഹർജിക്കാരിയെയും നാലാം എതിർകക്ഷിയായ മാനേജരെയും കേൾക്കുന്നതിനും, EXT P4 (Revision petition dated 09.11.2023) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട കക്ഷികളെ 20.02.2024 തീയതിയിൽ google meet മുഖേന കേൾക്കുകയുണ്ടായി.

**2.ഹർജിക്കാരിയായ ശ്രീമതി.സിന്ധുമോൾ ജെ.യുടെ അപേക്ഷ ഇപ്രകാരമാണ് :**

1. കൊല്ലം കാത്തലിക്ക് കോർപ്പറേറ്റ് മാനേജ്മെന്റിൽപ്പെട്ട സ്കൂളുകളിൽ ഒരെണ്ണമാണ് കാഞ്ഞിരകോട് സെന്റ് മാർഗ്രേറ്റ്സ് എൽ.പി.എസ്. 27-06-2017-ലെ നം.ഡി/1497/2017 ഉത്തരവ് പ്രകാരം 2017-18 വർഷം 2 എൽ.പി.എസ്.റ്റി. അധിക തസ്തികയും 26-06-2018-ലെ നം.ഡി/1358/2018 ഉത്തരവ് പ്രകാരം 2018-19-ൽ 2 അധിക തസ്തികകൾ വീണ്ടും അനുവദിച്ച് ഉത്തരവായി.

2. ഒഴിവുള്ള 4 അധിക തസ്തികകളിലായി, മാനേജർ 06-06-2019-ൽ ശ്രീമതിമാരായ അനുപമ ദാസ്, വി.സഞ്ജീവിനി, എച്ച്.സവിത എന്നിവരെ നിയമിച്ചു. 11-08-2021-ൽ അവർ 3 പേരുടെയും നിയമനങ്ങൾ യഥാക്രമം D/15873/2021, D/15874/2021, D/15875/2021 എന്നീ നമ്പർ ഉത്തരവുകൾ നൽകി അംഗീകരിച്ചു കൊടുത്തു.

3. ടി ഉത്തരവുകൾ പരിശോധിച്ചാൽ മൂന്ന് കാര്യങ്ങൾ വ്യക്തമാണ്.

i) 3 നിയമനങ്ങളും നടത്തിയിട്ടുള്ളത് അധിക തസ്തികകളിലാണ്.

ii) നിയമന തീയതിയായ 06-06-2019 മുതൽ തന്നെ അംഗീകാരം കൊടുത്തിട്ടുണ്ട്.

iii)മാനേജർ ഹാജരാക്കിയ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം കൊടുത്തിട്ടുള്ളത്.

4. XXI-ലെ റൂൾ 7(2) പ്രകാരം സംരക്ഷിതാധ്യാപകരെ മാനേജർ നിയമിക്കേണ്ടത് 1:1 റേഷ്യോയിലാണ്. ഈ സ്കൂളിൽ നാല് അധികതസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. അതിൽ മൂന്ന തസ്തികകളിൽ നിയമനം നടത്തുകയും അംഗീകാരം കൊടുക്കുകയും ചെയ്തിട്ടുള്ളതിനാൽ 1:1 റേഷ്യോ പ്രകാരം ശേഷിക്കുന്ന നാലാമത്തെ തസ്തികയിൽ മാനേജർക്ക് സ്വതന്ത്രമായി നിയമനം നടത്താവുന്നതാണ്.

5. 2017-18-ൽ അനുവദിച്ചതും ഒഴിഞ്ഞു കിടക്കുന്നതുമായ നാലാമത്തെ ഒഴിവിൽ മാനേജർ 01-11-2021 മുതൽ ശ്രീമതി ജെ.സിന്ധുമോളെ നിയമിച്ചു. കുണ്ടറ എ.ഇ.ഒ. 25-1-2022-ലെ നം.ഡി/20158/2021 ഉത്തരവിലൂടെ നിയമനാംഗീകാരം നിരസിച്ചതിന് പറഞ്ഞിട്ടുള്ളത് 2 കാര്യങ്ങളാണ്. അവ ഓരോന്നായി പരിശോധിക്കാം.

(i) ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകൾ മാറ്റിവെയ്ക്കുന്നതാണ് എന്ന സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ നിന്നും 3 നിയമനങ്ങൾ അംഗീകരിച്ചു നൽകിയിട്ടുണ്ട്. എന്നാൽ മാനേജർ വീണ്ടും നിയമനം നടത്തിയിരിക്കുന്നു എന്നാണ്.

മാനേജരുടെ സത്യപ്രസ്താവന ഇപ്രകാരമാണ്.

"ഞാൻ മാനേജരായ St, Margaret's L.P.S. Kanjiracode (Not newly opened) സ്കൂളിൽ 2016-17 മുതൽ 2019-20 വരെ നടത്തിയ മൂന്ന് എണ്ണം Additional അധ്യാപക/അനധ്യാപക നിയമനങ്ങൾ അംഗീകരിക്കുന്നതിലേക്കായി 06-02-2021-ലെ സ.ഉ.(പി)നം.4/2021/പൊ.വി.വ., 26-02-2021-ലെ സർക്കുലർ നം.എച്ച്.2/19800/2021/ഡി.ജി.ഇ. എന്നിവയിൽ നിഷ്കർഷിച്ച പ്രകാരം സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി ഒഴിവുകൾ മാറ്റി വെച്ചിട്ടുണ്ടെന്ന് / ഭാവിയിലുണ്ടാകുന്ന ഒഴിവുകൾ മാറ്റിവെയ്ക്കുന്നതാണെന്ന് ഇതിനാൽ ഞാൻ സത്യപ്രസ്താവന ചെയ്യുന്നു."

കെ.ഇ,ആർ. അദ്ധ്യായം XXI ചട്ടം 7 (2) പ്രകാരമുള്ള സംരക്ഷിത അധ്യാപക നിയമന വ്യവസ്ഥകൾ ബഹു. സുപ്രീം കോടതി, ബഹു. ഹൈക്കോടതി വിധികൾക്ക് വിധേയമായി പാലിക്കുന്നതാണെന്നും ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു".

മാനേജരുടെ സത്യപ്രസ്താവന വിശകലനം ചെയ്യുമ്പോൾ നാലു കാര്യങ്ങൾ വ്യക്തമാകും.

(a) മാനേജർ സത്യപ്രസ്താവനയിൽ സമ്മതിച്ചിട്ടുള്ളത് ബഹു. കോടതി വിധിക്ക് വിധേയമായി പാലിക്കുമെന്നാണ്. എന്നാൽ XXI-ലെ ചട്ടം 7(2) പ്രകാരമുള്ള 1:1 റേഷ്യോ സംബന്ധിച്ചുള്ള വിധി ബഹു. സുപ്രീം കോടതിയിൽ നിന്നും നാളിതുവരെ വന്നിട്ടില്ല.

ആയതിനാൽ മാനേജരുടെ സത്യപ്രസ്താവനയ്ക്ക് ഇപ്പോൾ പ്രാബല്യമില്ല. പ്രാബല്യം

ഉണ്ടാകുന്നതു വരെ കാത്തിരിക്കുക മാത്രമേ സാധ്യമാകൂ. ഇപ്പോൾ പ്രാബല്യമില്ലാത്ത സത്യപ്രസ്താവനയെ ആധാരമാക്കി ശ്രീമതി സിന്ധു മോളിന്റെ നിയമനാംഗീകാരം നിരസിച്ചത് നിയമപരമല്ല,

(b) 22-03-2021 തീയതിയിലാണ് മാനേജർ സത്യപ്രസ്താവന സമർപ്പിച്ചിട്ടുള്ളത്. ഈ മാനേജ് മെന്റിൽപ്പെട്ട് വാടി സെന്റ് ആൻറണീസ് യു.പി.എസ്.ൽ 15-07-2021-ൽ നിയമിച്ച ശ്രീമതി ദിവ്യ തോമസിന്റെ നിയമനം 13-08-2021-ൽ കൊല്ലം എ.ഇ.ഒ. അംഗീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച സി/16301/2021 ഉത്തരവിൽ, സൂചനയിൽ പരാമർശിക്കുന്ന ഉത്തരവുകളുടേയും മാനേജർ സമർപ്പിച്ചിട്ടുള്ള സത്യപ്രസ്താവനകളുടേയും അടിസ്ഥാനത്തിൽ ശ്രീമതി ദിവ്യ തോമസ്-നെ 15-07-2021 മുതൽ റഗുലർ വ്യവസ്ഥയിൽ നിയമനം അംഗീകരിച്ചു കൊടുത്തിട്ടുണ്ട്.

22-03-2021-ലെ മാനേജരുടെ സത്യപ്രസ്താവന ബഹു.കോടതിവിധി വരുന്നതിന് മുൻപ് പ്രാബല്യത്തിൽ വരുമായിരുന്നുവെങ്കിൽ ശ്രീമതി ദിവ്യ തോമസിന്റെ നിയമനം നിരസിച്ചുകൊണ്ട് 22-03-2021-ലെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ സംരക്ഷിതാധ്യാപകനെ നിയമിക്കുവാൻ നിർദ്ദേശിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്.

(c) ശ്രീമതി സിന്ധുമോൾ ജോലി ചെയ്യുന്ന സ്കൂളിൽ തന്നെ യു.പി.എസ്.റ്റി. ആയി ജോലി ചെയ്തു വന്നിരുന്ന ശ്രീമതി അഭിലാ ദാസ് 07-06-2021-ൽ മരണപ്പെട്ട ഒഴിവിൽ ശ്രീമതി എസ്.വി. മേരി രഞ്ജുവിനെ 20-09-2021 മുതൽ നിയമിച്ചു. എന്നാൽ സിന്ധുമോളുടെ നിയമനാംഗീകാരം നിരസിക്കുന്നതിന് പറഞ്ഞിട്ടുള്ള അതേ രണ്ടു കാരണങ്ങൾ പറഞ്ഞ് 30-11-2021-ൽ ഡി/19456/2021 ഉത്തരവിലൂടെ നിരസിച്ചു. അതിനെതിരേ മാനേജർ കൊല്ലം ഡി.ഇ.ഒ.യ്ക്ക് കൊടുത്ത അപ്പീൽ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി മേരി രഞ്ജുവിന്റെ നിയമനം അംഗീകരിച്ചുകൊണ്ട് 14-11-2023-ൽ പുറപ്പെടുവിച്ച ഡി/19456/2022 ഉത്തരവിൽ "ബഹുമാനപ്പെട്ട ഹൈക്കോടതിയിലും സുപ്രീം കോടതിയിലും നിലവിലുള്ള കേസുകളിലെ അന്തിമ വിധിക്കു വിധേയമായി മാത്രം മാനേജർ പാലിച്ചാൽ മതിയാകും."

(d) മാനേജർ സത്യപ്രസ്താവന നടത്തുന്നത് 22-03-2021-ലാണ്. മാനേജർ 22-03-2021-നു ശേഷം നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് കുണ്ടറ എ.ഇ.ഒ. ഒഴിച്ച് എല്ലാ എ.ഇ.ഒ.മാരും ഡി.ഇ.ഒ.യും സത്യപ്രസ്താവനയുടെ പേരിൽ നിയമനാംഗീകാരം

നിരസിച്ചതായി അറിവില്ല. ഇപ്പോൾ 14-11-2023-ലെ ശ്രീമതി മേരി രഞ്ജുവിന്റെ നിയമനാംഗീകാരം കുണ്ടറ എ.ഇ.ഒ. മാനേജരുടെ സത്യപ്രസ്താവന മാറ്റി നിർത്തി അംഗീകാരം കൊടുത്തു കഴിഞ്ഞു.

ഇതിൽ നിന്നും മാനേജരുടെ സത്യപ്രസ്താവനയെ സംബന്ധിച്ച് ഉണ്ടായ സംശയത്തിന് അറുതി വന്നിരിക്കുകയാണ്.

(ii) ഹൈക്കോടതിയുടെ 23-09-2021-ലെ WP(C) നം.19808/2021-ലെ ഉത്തരവിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എച്ച് (2) 19500/2019 തീയതി 06-09-2021 നം. ഉത്തരവു സ്റ്റേ ചെയ്തിരുന്നു എന്നതാണ് 2-ാമത്തെ തടസ്സവാദം.

WP(C) നം. 19808/2021 കേസ്സിൽ 10-08-2022-ൽ വിധി വരികയും അതിന്മേൽ ഫയൽ ചെയ്യപ്പെട്ട റിട്ട് അപ്പീലുകൾ കേട്ട് 13-03-2023-ൽ വിധി പറഞ്ഞിട്ടുള്ളതാണ്.

06-09-2021-ലെ നം. എച്ച് (2) 19500/2019 ഉത്തരവ് റദ്ദ് ചെയ്ത് 13-03-2023 വിധിയിലെ ക്രമനമ്പർ 10 (b) -ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ടി കേസ്സ് ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ടുള്ളതാണ്. അതിലെ വിധി എന്റെ നിയമനാംഗീകാരത്തെ തടസ്സപ്പെടുന്നില്ല.

ആയതിനാൽ കുണ്ടറ എ.ഇ.ഒ. ഉന്നയിച്ച രണ്ടു തടസ്സവാദങ്ങൾക്കും (പസക്തിയില്ല.

6. ശ്രീമതി സിന്ധുമോളുടെ നിയമനാംഗീകാരം നിരസിച്ചതിനെതിരെ മാനേജർ കൊല്ലം ഡി.ഇ.ഒ.യിൽ സമർപ്പിച്ച അപ്പീൽ തള്ളികൊണ്ട് 09-05-2022-ൽ പുറപ്പെടുവിച്ച ഉത്തരവിൽ "06-07-21-ലെ സ.ഉ. (സാധാ) 3287/21/പൊ.വി. പ്രകാരം എയ്ഡഡ് സ്കൂളുകളിൽ 2021-22 വർഷം വിരമിക്കൽ, രാജി, പ്രമോഷൻ, മരണം എന്നിവ മൂലം ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിന് മാത്രമാണ് നിർദ്ദേശിച്ചിരുന്നത്. ഇവിടെ മാനേജർ അധിക തസ്തികയിലാണ് നിയമനം നടത്തിയിരിക്കുന്നത്. ആയത് പരിഗണിക്കുവാൻ കഴിയുന്നില്ല"

ടി ഉത്തരവിൽ 2021-22 വർഷം എയ്ഡഡ് സ്കൂളുകളിൽ റഗുലർ തസ്തികയിലുണ്ടാകുന്ന (റിട്ടയർമെന്റ്, രാജി, പ്രമോഷൻ, മരണം തുടങ്ങിയവ) എന്നു പറഞ്ഞിട്ടുള്ളതിൽ 2021-22

വർഷം വിരമിക്കൽ, രാജി, പ്രമോഷൻ, മരണം എന്നിവ മൂലം ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിന് മാത്രമാണ് നിർദ്ദേശിച്ചിരിക്കുന്നത് എന്നു തിരുത്തൽ വരുത്തിയും റഗുലർ എന്ന പ്രയോഗം ഉപേക്ഷിച്ചുമാണ് കൊല്ലം ഡി.ഇ.ഒ. ശ്രീമതി ജെ.സിന്ധുമോളുടെ നിയമനാംഗീകാര അപ്പീൽ നിരസിച്ചത് ന്യായീകരിക്കുന്നതല്ല. സർക്കാർ ഉത്തരവിന്റെ ദുർവ്യാഖ്യാനമാണ്.

ശ്രീമതി ജെ. സിന്ധുമോളിന്റെ നിയമനാംഗീകാര അപ്പീൽ കൊല്ലം ഡി.ഇ.ഒ. 09-05-2022-ൽ നിരസിക്കുന്നതിന് മുൻപ് 31-03-2021-ൽ പുറപ്പെടുവിച്ച സ.ഉ.(കൈ) നം. 136/2021/പൊ.വി.വ. 3 (a) യിൽ "അധിക തസ്തികകൾ കെ.ഇ.ആർ. അദ്ധ്യായം XXIII--ലെ വ്യവസ്ഥകളനുസരിച്ച് അനുവദിക്കപ്പെടുന്നതിനാൽ അവ റഗുലർ തസ്തികകളാണ്. അവയെ "ടെമ്പററി" "പെർമനെന്റ്" എന്നിങ്ങനെ വേർതിരിച്ചു കാണുന്ന രീതിയ്ക്ക് നിയമപരമായ സാധുതയോ, ഏതെങ്കിലും ചട്ടങ്ങളുടെ പിൻബലമോ ഇല്ല എന്ന് വ്യക്തതവരുത്തിയിട്ടുള്ളതാണ്.

ശ്രീമതി സിന്ധുമോളിന്റെ നിയമനാംഗീകാര അപ്പീൽ നിരസിക്കുന്നതിന് ആധാരമാക്കിയ 06-07-2021- ഉത്തരവിലെ റഗുലർ തസ്തിക, "തുടങ്ങിയവ" എന്നിവയിൽ അധിക തസ്തികയും ഉൾപ്പെടുന്നതാണ്. ആയതിനാൽ ഡി.ഇ.ഒ.യുടെ നിരസിക്കൽ കാരണം നിയമപരമായി നിലനിൽക്കുകയില്ല.

7. മേൽ പറഞ്ഞ വസ്തുതകൾ വെച്ചു പരിശോധിക്കുമ്പോൾ എ.ഇ.ഒ.യുടെയും ഡി.ഇ.ഒ.യുടെയും തടസവാദങ്ങൾ നിലനിൽക്കുതല്ലായെന്നു വ്യക്തമാണ്.

ആയതിനാൽ ശ്രീമതി സിന്ധുമോളിന്റെ 01-11-2021 മുതൽ എൽ.പി.എസ്.റ്റി. ആയിട്ടുള്ള നിയമനം സാധുവാണെന്ന് കണ്ടെത്തി നിയമനാംഗീകാരം കിട്ടുന്നതിനാവശ്യമായ നടപടി ഉത്തരവുകൾ ഉണ്ടാകണമെന്നപേക്ഷിക്കുന്നു.

8.അധികതസ്തികകളിൽ നിയമിക്കപ്പെടുന്നവർക്ക് 8 മാസത്തെ സേവന കാലം തികയുകയില്ലായെന്നു കണക്കാക്കി മാർച്ച് 31 വെച്ച് പരിമിതപ്പെടുത്തുന്ന രീതിയാണു കാണുന്നത്.

Ext P5 ആയി ഹാജരാക്കിയിട്ടുള്ള 31-03-2021 ഉത്തരവിലെ 3 (D) യിൽ:

"അധിക തസ്തികയിലുണ്ടാകുന്ന റഗുലർ ഒഴിവുകളെ Vacancies which are permanent എന്ന ഗണത്തിൽ തന്നെ കണക്കാക്കി അത്തരം ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്ക് ആദ്യ അക്കാദമിക് വർഷത്തെ സേവന ദൈർഘ്യം പരിഗണിക്കാതെ തന്നെ വെക്കേഷൻ സാലറിക്ക് അർഹത ഉണ്ടായിരിക്കുന്നതാണ് എന്നു വ്യക്തമാക്കിയിട്ടുള്ളതിനാൽ ശ്രീമതി ജെ.സിന്ധുമോളിന്റെ 01-11-2021 മുതൽ തുടർച്ചയായി തന്നെ അംഗീകരിക്കുവാൻ ഉത്തരവിൽ നിർദ്ദേശിക്കപ്പെടണമെന്നപേക്ഷിക്കുന്നു.

9. ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് 13-03-2023-ൽ പുറപ്പെടുവിച്ച വിധിയിലെ Direction (i) ൽ :

"The Educational Officers in the state shall approve the appointments made in the Vacancies earmarked for persons with disabilities that arose after 18-11-2018 and before 08-11-2021 which are otherwise in order, provisionally treating the vacancies a temporary on condition that such approval would be valid till the incumbents who are regularly appointed against those vacancies take charge, and shall take necessary action for disbursement of the pay and allowances due to them."

ബഹുമാനപ്പെട്ട കോടതി വിധിയുടെ അടിസ്ഥാനത്തിൽ 24-03-2023-ൽ പുറപ്പെടുവിച്ച സ.ഉ.(കൈ) നം. 29/2023/G.Edn 2 (iii)-ൽ "18-11-2018 മുതൽ 07-11-2021 വരെ ഉണ്ടായ ഒഴിവുകളിൽ 07-11-2021-നു ശേഷം നിയമിക്കപ്പെട്ട ആളാണെങ്കിലും മേല്പ്പറഞ്ഞ താൽക്കാലിക നിയമനാംഗീകാരത്തിന് അർഹതയുണ്ടായിരിക്കും" എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

01-11-2023-ലെ ജെ.ആർ.1/502/2023/പൊ.വി. ഉത്തരവിൽ "സൂചന 1-ലെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ 18-11-2018-നും 08-11-2021-നും ഇടയ്ക്കുണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് പ്രൊവിഷണലായി നിയമനാംഗീകാരം നൽകുന്നതിന് അനുമതി നൽകുന്നു. 08-11-2021-നു ശേഷമുണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് 13-03-2023-ലെ ഡിവിഷൻ ബഞ്ചിന്റെ വിധിയുടെ അടിസ്ഥാനത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ നിയമനാംഗീകാരം നൽകാവൂ

എന്ന് ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീമതി ജെ. സിന്ധുമോളിന്റെ നിയമനം കുണ്ടറ എ.ഇ.ഒ.യുടെ 26-06-2018-ലെ നം. ഡി/1358/2018 ഉത്തരവ് പ്രകാരം 2018-19-ലെ തസ്തിക നിർണ്ണയ ഉത്തരവിലൂടെയാണ്. അതിനാൽ ശ്രീമതി ജെ. സിന്ധുമോളെ നിയമിച്ച തസ്തിക 18-11-2018-ന മുൻപ് അനുവദിച്ചിട്ടുള്ളതാണ്. ഭിന്നശേഷി നിയമനം സംബന്ധിച്ചുള്ള ബഹു. ഹൈക്കോടതി വിധിയുടെയോ ആയതുമായി ബന്ധപ്പെട്ടിട്ടുള്ള സർക്കാർ ഉത്തരവുകളുടെയോ പരിധിയിൽ വരുന്നില്ല.

ആയതിനാൽ ശ്രീമതി സിന്ധുമോളിന് സ്വാഭാവിക നിയമനമായി കണക്കാക്കി 01-11-2021 മുതൽ ഉത്തരവുണ്ടാകണമെന്നപേക്ഷിക്കുന്നു.

10.മേൽ പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീമതി ജെ.സിന്ധുമോളുടെ നിയമനാംഗീകാരം തരുന്നതിന് നിയമപരമായ മറ്റേതെങ്കിലും തടസ്സം ഉണ്ടെങ്കിൽ താഴെ പറയുന്ന വസ്തുതകൾ പരിശോധനയ്ക്ക് വിധേയമാക്കണമെന്നപേക്ഷിക്കുന്നു :-

i) XIV A-ലെ റൂൾ ഒന്നു പ്രകാരം നിർദ്ദിഷ്ട യോഗ്യതയുള്ള അധ്യാപകരെ അനുവദനീയമായിട്ടുള്ള തസ്തികയിൽ മാനേജർ നിയമിക്കണമെന്നാണ്. ശ്രീമതി സിന്ധു മോൾക്ക് എൽ.പി.എസ്.റ്റി. ആയി നിയമിക്കുന്നതിന് യോഗ്യതയുണ്ടെന്ന് കണ്ടെത്തുകയും 01-11-2021-ൽ കാഞ്ഞിരകോട് സെന്റ് മാർഗ്രറ്റ് എൽ.പി.എസ്.ൽ അധിക തസ്തികയിൽ നിയമിക്കുകയുണ്ടായി. നിയമനം തന്ന തസ്തിക അധിക തസ്തികയാകയാലാണ് നിയമനാംഗീകാരം കിട്ടാതെ കിടക്കുന്നത്. എന്നെ മാനേജർ 01-11-2021-ൽ നിയമനത്തിനായി തെരഞ്ഞെടുക്കപ്പെട്ടതിനാൽ എനിക്ക് അംഗീകാരം കിട്ടാവുന്ന തസ്തിക നിശ്ചയിച്ച് തരേണ്ടതായ ബാധ്യത മാനേജർക്കുണ്ട്. മാനേജരുടെ നിയമനാർത്ഥികളുടെ ലിസ്റ്റിൽ ഞാൻ 01-11-2021-ൽ സ്ഥാനം പിടിച്ചുകഴിഞ്ഞു.

ആയതിനാൽ എനിക്ക് സുരക്ഷിതമായൊരു തസ്തിക തരപ്പെടുത്തി തന്നതിനു ശേഷമേ പിന്നീട് തെരഞ്ഞെടുക്കപ്പട്ടവർക്ക് പരിഗണന അർഹിക്കുന്നുള്ളു.

ii) 21-12-2022-ലെ സ.ഉ.(സാധാ)നം.8272/2022/GEDN 5- (ii) (എച്ച്)-ൽ :

"The DB decision of Hon' High Court in Joshi v Krishna P Rajan in

W.A. No. 147/2006 & connected other 5 cases dated 14-07-2006-ലെ വിധിന്യായത്തിലെ para 15-ലെ പരാമർശത്തിലും:

Geetha Vs Geo Thomas & others 2009 (4) KHC 296 (D.B.) decision dated 30-09-2009 concluding paragraph-ലും മാനേജർ ഒരിക്കൽ യോഗ്യത പരിശോധിച്ച് ബോധ്യപ്പെട്ട്, തെരഞ്ഞെടുത്ത്, ചട്ടപ്രകാരം അംഗീകാരം ലഭിക്കാവുന്ന ഒഴിവുകളിലേക്ക് നിയമനം നൽകിയവരുടെ കാര്യത്തിൽ പുറപ്പെട്ടുവിക്കപ്പെട്ടിട്ടുള്ളതാണ്. ഇവിടെ പരാമർശിക്കുന്ന കേസ് അതേ പ്രകാരം മാനേജർ തെരഞ്ഞെടുത്തെങ്കിലും അംഗീകാരം ലഭിക്കാൻ ചട്ട(പകാരം സാധ്യതയില്ലാത്ത ഒഴിവുകളിലേക്ക് ബോധപൂർവ്വമോ അല്ലാതെ നിയമനം നടത്തിയതുമായി ബന്ധപ്പെട്ടതാണ്. മേൽ സൂചിപ്പിച്ച കേസ്സുകളിൽ ബഹു. കോടതിയുടെ നിർദ്ദേശങ്ങൾ ഏത് ഒഴിവിലേക്ക് മാനേജർ നിയമനം നടത്തിയാലും “he has to go by his own commitment and actions. So far as the Manager is concerned both the writ petitioner as well as this fifth respondent were appointed by him. He cannot deny earlier promotion or re-appointment to an incumbent earlier appointed by him” എന്നിങ്ങനെ ഒരു മാനേജർ നിയമന കാര്യത്തിൽ പാലിക്കേണ്ടതായ ഉൽകൃഷ്ടമായ നീതി ബോധം ചൂണ്ടികാണിച്ചുകൊണ്ട് നൽകപ്പെട്ടതാകയാൽ അവ ഏതൊരു മാനേജർക്കും ബാധകമാകുന്നതാണ്. കാരണം അംഗീകാരവും ശമ്പളവും ഏതൊരു എയ്ഡഡ് സ്കൂൾ ടീച്ചർക്കും അനിഷേധ്യമായ അവകാശങ്ങളാണ് എന്നതിനാൽ അടുത്തുണ്ടാകുന്ന നിയമനാംഗികാരം ലഭിക്കാവുന്ന ഒഴിവിലേക്ക് പ്രസ്തുത ടീച്ചറെ മാറ്റി നിയമിക്കുവാൻ മാനേജർ ബാധ്യസ്ഥനാണെന്നതാണ് കോടതി വിധിയുടെ അന്തസത്ത.പാരാ (6)

മേൽ വിവരിച്ച കാരണങ്ങളാലും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെ വെളിച്ചത്തിലും അടിമാലി കുമ്പൻപാറ ഫാത്തിമ മാതാ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ 01-06-18 മുതൽ 31-03--2020 വരെ അവധി ഒഴിവിൽ നിയമിതയായ ശ്രീമതി ഹണി കെ. ജോസിന് മേൽ സൂചിപ്പിച്ച കാലയളവിലെ സേവനകാലം അംഗീകരിച്ച് നൽകുവാനായി അടിയന്തരമായി പ്രൊപ്പോസൽ പുനഃസമർപ്പിക്കുവാനും (Form 27) ആയത് അംഗീകരിക്കുന്ന മുറയ്ക്ക് തുടർന്നു നിയമനാംഗീകാരം ലഭിക്കാനുതകുന്ന സ്ഥിരം ഒഴിവിൽ ടി സ്കൂളിൽ നിലവിൽ വന്ന യു.പി.എസ്.റ്റി. (15-07-19 മുതലുള്ള ഒഴിവിൽ) ആയത് അംഗീകരിക്കുന്ന മുറക്ക് തുടർന്നും യു.പി.എസ്.റ്റി. (15-07-19 മുതലുള്ള ഒഴിവിൽ)

ടിയാരിയെ മാനേജർ പൂർണ യോഗ്യതയുള്ളയാളായി മുൻകാലങ്ങളിൽ തെരഞ്ഞെടുത്തിരുന്ന ഉത്തരവാദിത്വം സ്വയം ഏറ്റെടുത്തു കൊണ്ടും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14എ ചട്ടം 1-ന്റെ മേൽ സൂചിപ്പിച്ച അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ടും ആദ്യ നിയമന തീയതിയുടെ (അംഗീകാരമില്ലാതെ തുടരുന്നവർക്ക് നൽകാവുന്ന സീനിയോറിറ്റി അടിസ്ഥാനത്തിൽ ലാവണം മാറ്റി ക്രമീകരിക്കേണ്ടതാണെന്ന) നിർദ്ദേശം അടിമാലി കുമ്പൻപാറ ഫാത്തിമ മാതാ ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ മാനേജർക്ക് നൽകി ഉത്തരവാകുന്നു.

iii) പുനലൂർ ഡി.ഇ.ഒ.യിൽപ്പെട്ട പുനലൂർ താലൂക്ക് സമാജത്തിന്റെ കീഴിൽ മൂന്ന് ഹൈസ്കൂൾ ഉണ്ട്. 2016-17-ൽ മാനേജർ നടത്തിയ പ്രമോഷൻ, റിട്ടയർമെന്റ് തസ്തികകളിൽ നിയമിച്ചവർക്ക് അംഗീകാരം കൊടുക്കുകയും അധിക തസ്തികകളിലെ നിയമനങ്ങൾ നിരസിക്കുകയും ചെയ്തു, 2017-18, 2018-19 വർഷങ്ങളിലും റഗുലർ, അധിക തസ്തികകളിൽ മാനേജർ നിയമനം നടത്തി. 2016-17-ൽ അധിക തസ്തികകളിൽ നിയമിക്കപ്പെട്ടുകയും അംഗീകാരം കിട്ടാതിരുന്നവർ 2017-18, 2018-19 വർഷങ്ങളിൽ ഉണ്ടായ റഗുലർ തസ്തികകളിലേക്ക് മാറ്റി നിയമനവും അംഗീകാരവും ആവശ്യപ്പെട്ടു പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ കൊടുത്തു. നിയമനാംഗീകാരമില്ലാതെ ജോലി ചെയ്തു വന്നിരുന്ന 23 അധ്യാപകർക്കും മാനേജർക്കും അറിയിപ്പ് കൊടുത്ത് ഹിയറിംഗ് നടത്തിയതിനു ശേഷം 08-11-2019-ൽ പുറപ്പെടുവിച്ച ഇ.റ്റി. (5) 28705/19 ഉത്തരവിൽ :

"മേൽ സാഹചര്യത്തിൽ 01-06-2016-നു ശേഷം ഉണ്ടാകുന്ന വ്യവസ്ഥാപിത തസ്തികകളിലേക്ക് ആദ്യ നിയമനം ലഭിച്ച പരാതിക്കാർ ഉൾപ്പടെയുള്ളവരെ അനുയോജ്യമായ രീതിയിൽ റീ അറേഞ്ച് ചെയ്ത് നിയമന പ്രപ്പോസൽ പുനഃസമർപ്പിക്കുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകി ഉത്തരവായി.

ഡയറക്ടറുടെ 08-11-2019 ഉത്തരവിനെതിരെ റഗുലർ വേക്കൻസിയിൽ നിയമനം കിട്ടിയവർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.31664/2019 കേസ്സിൽ 19-08-2020-ൽ ഉണ്ടായ വിധിയിൽ :

"But I find that the direction in Ext P7 is in respect of the teachers under the management. Therefore in case Manager has set part

vacancies for appointment of protected teachers, the Educational Officer, Punalur shall consider the cases of the Petitioners as well as the party respondents in accordance with the proposal submitted by the Manager as directed in Ext P7".

ടി കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമന തീയതിയുടെ ക്രമത്തിൽ മുൻഗണന നിശ്ചയിച്ച് നിയമനാംഗീകാരം പുനലൂർ ഡി.ഇ.ഒ. കൊടുക്കുകയുണ്ടായി.

iv) തൃശ്ശൂർ ജില്ലയിൽപ്പെട്ട കന്നിമംഗലം ശ്രീനാരായണ ജി.എച്ച്.എസ്.ൽ യു.പി.എസ്.ടി. ആയി ശ്രീമതി കെ.ജെ.ജെസിയെ 12-06-2006-ൽ നിയമിച്ചു. അധികതസ്തികയിലെ നിയമന നിരോധനം നിലനിൽക്കുന്നുവെന്ന കാരണത്താൽ അംഗീകാരം നിരസിച്ചു. 01-06-2007-ൽ 4 യു.പി.എസ്.റ്റി.മാരെ എച്ച്.എസ്.എ. രസ്തികയിലേക്ക് പ്രമോട്ട ചെയ്ത ഒഴിവിൽ ശ്രീമതി കെ.ജെ.ജസിയെ പരിഗണിയ്ക്കാതെ പുതിയ നിയമനം നടത്തി. ശ്രീമതി ജെസിക്ക് 51 A ക്ലയിം ഇല്ലായെന്ന കാരണത്താൽ അപ്പീലും റിവിഷനും നിരസിച്ചു. അതിനെതിരേ ശ്രീമതി കെ.ജെ. ജസ്സി ഫയൽ ചെയ്ത W.P.(C)No.35993/2008 കേസിൽ 21-12-2009-ൽ പുറപ്പെട്ടവിച്ച വിധിയിലെ ക്രമനമ്പർ (10)-ൽ;

"Therefore even if the original appointment was not approved, the Manager cannot deny any reappointment."

ക്രമ നമ്പർ (16)-ൽ:

There will be a direction to the fourth respondent Manager to produce the orders of appointments of the petitioners in the permanent vacancies which arose in April and May 2007 within a period of three weeks from the date of receipt of a copy of this Judgement."

ടി വിധിയുടെ അടിസ്ഥാനത്തിലും നിയമന തീയതിയുടെ അടിസ്ഥാനത്തിൽ എനിക്കും പെർമനന്റ് ഒഴിവിൽ മാറ്റി നിയമനം കിട്ടുവാൻ അർഹതയുണ്ട്.

v) ഈ മാനേജ്മെന്റിൽപ്പെട്ട സ്കൂളുകൾ കൊല്ലം ഡി.ഇ.ഒ.യുടെയും കീഴിലുള്ള 5 എ.ഇ.ഒ.യുടെ അധികാര പരിധിയിലാണ്. ആയതിനാൽ ശ്രീമതി സിന്ധുമോളുടെ 01-11-

2021-നു ശേഷമുണ്ടായ പെർമനന്റ് ഒഴിവ് ഏതാണെന്ന് കണ്ടെത്തി ചൂണ്ടികാണിക്കുവാൻ സാധ്യമല്ല. നീതിപൂർവ്വമായൊരു തീരുമാനം ഉണ്ടാകുവാനും ശ്രീമതി സിന്ധുമോളിന് അർഹമാകുന്ന ഒഴിവ് കണ്ടെത്തുന്നതിനും ടി ഒഴിവിലേക്ക് ശ്രീമതി സിന്ധുമോളിനെ മാറ്റി ക്രമീകരിക്കുവാൻ മാനേജർക്ക് നിർദ്ദേശം കൊടുക്കുവാൻ കൊല്ലം ഡി.ഇ.ഒ.യെ ചുമതലപ്പെടുത്തി ഉത്തരവുണ്ടാകണമെന്നപേക്ഷിച്ചു കൊള്ളുന്നു.

**3. കോർപ്പറേറ്റ് മാനേജരുടെ അപേക്ഷ ഇപ്രകാരമാണ് :**

കാഞ്ഞിരകോട് സെന്റ് മാർഗരറ്റ്സ് എൽ.പി.സ്കൂളിൽ 2017-2018-ൽ അനുവദിച്ച അധികതസ്തികയിൽ ശ്രീമതി ജെ.സിന്ധുമോളെ 01.11.2021 മുതൽ നിയമിച്ചു. ഈ നിയമനം ടി സ്കൂളിൽ 2017-2018, 2018-2019 വർഷങ്ങളിൽ ഉണ്ടായ അധികതസ്തികയിൽ 3 നിയമനങ്ങൾ 06.02.2021-ലെ ജി.ഒ.(പി) 04/2021 പ്രകാരം ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകൾ മാറ്റിവയ്ക്കുന്നതാണ് എന്ന സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ അംഗീകരിച്ചതിനാൽ, മാനേജർ വീണ്ടും നടത്തിയ നിയമനം അംഗീകരിക്കുവാൻ സാധ്യമല്ല എന്ന കാരണത്താൽ നിരസിച്ചു. കൂടാതെ, 23.09.2021-ലെ WP(C)19808/2021 ഉത്തരവിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ H2/19500/2019 dated 06.09.2021 നം സ്റ്റേ ചെയ്തിരിക്കുന്നു. ആയതിനാൽ ഈ നിയമനം ഇപ്പോൾ പരിഗണിക്കുവാൻ സാധ്യമല്ല എന്നീ കാരണങ്ങളാൽ നിരസിച്ചു. ഇതേ കാരണങ്ങളാൽ തന്നെ കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച അപ്പീലും കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

കാഞ്ഞിരകോട് സെന്റ് മാർഗരറ്റ്സ് എൽ.പി.സ്കൂളിൽ 2017-2018, 2018-2019 വർഷങ്ങളിൽ അനുവദിച്ച 4 തസ്തികകളിൽ 3 എണ്ണത്തിൽ നടത്തിയ നിയമനം 06.02.2021-ലെ 04/2021 പൊ.വി.വ. ഉത്തരവിൻ പ്രകാരം നൽകിയ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിലാണ് അംഗീകരിച്ചത്. ഈ സത്യപ്രസ്താവനയിൽ KER അധ്യായം XXI ചട്ടം 7(2) പ്രകാരം സംരക്ഷിത അധ്യാപക നിയമനവ്യവസ്ഥകൾ ബഹു. സുപ്രീം കോടതി, ബഹു ഹൈക്കോടതി വിധികൾക്ക് വിധേയമായി പാലിക്കുന്നതാണ് എന്നാണു കോർപ്പറേറ്റ് മാനേജർ സത്യപ്രസ്താവന നൽകിയിട്ടുള്ളത്. അധികതസ്തികയിൽ സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതു സംബന്ധിച്ച് 12.01.2010-ലെ സർക്കാർ ഉത്തരവ് നം.10/2010-ന് എതിരെ കോർപ്പറേറ്റ് മാനേജർ SLP ഫയൽ ചെയ്തിട്ടുള്ളതും

അന്തിമവിധി ലഭിച്ചിട്ടില്ലാത്തതുമാണ്. 2018-2019-ലെ അധികതസ്തിക അനുവദിച്ചതുമൂലമുണ്ടായ ഒഴിവ് വ്യവസ്ഥാപിതമാണ്. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് 08.11.2021-നു മുമ്പ് നടത്തിയ നിയമനം ആയതിനാൽ ഭിന്നശേഷി നിയമനം നടത്തി ഉദ്യോഗാർഥി ജോലിയിൽ പ്രവേശിക്കുന്നതു വരെ ശ്രീമതി ജെ. സിസ്ധുമോളിന്റെ നിയമനം 01.11.2021 മുതൽ അംഗീകരിച്ചു നൽകാവുന്നതാണ്. കൂടാതെ, കാഞ്ഞിരകോട് സെന്റ് മാർഗരറ്റ്സ് എൽ.പി. സ്കൂളിലെ അധികതസ്തികയിലെ 3 നിയമനങ്ങളും അംഗീകരിച്ചു നൽകിയപ്പോൾ നൽകിയ സത്യപ്രസ്താവനയിൽ ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകൾ മാറ്റിവയ്ക്കുന്നതാണ് എന്നാണ്. ഈ കോർപ്പറേറ്റ് മാനേജ്മെന്റിൽ 32 LP സ്കൂളുകളും 11 UP സ്കൂളുകളുമാണ് ഉള്ളത്. ഇതിൽ ഏതെങ്കിലും സ്കൂളിൽ ഭാവിയിൽ ഉണ്ടാകുന്ന ഒഴിവിൽ ബഹു. സുപ്രീം കോടതിയുടെ അന്തിമവിധിക്ക് വിധേയമായി സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതാണ്. ശ്രീമതി ജെ.സിസ്ധുമോളെ 01.11.2021 മുതൽ കാഞ്ഞിരകോട് സെന്റ് മാർഗരറ്റ്സ് എൽ.പി. സ്കൂളിൽ നിയമിച്ച ഒഴിവ് വ്യവസ്ഥാപിതമാണ്. ആ ഒഴിവ് ഇപ്പോൾ സംരക്ഷിത അധ്യാപകർക്കായി മാറ്റി വയ്ക്കേണ്ടതില്ലാത്തതിനാൽ ടിയാരിയുടെ 01.11.2021 മുതലുള്ള നിയമനം അംഗീകരിച്ചു നൽകണമെന്ന് അപേക്ഷിക്കുന്നു.

**4.കുണ്ടറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു :**

കുണ്ടറ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ പരിധിയിലെ കാത്തലിക് മാനേജ്മെന്റിന്റെ അധീനതയിലുള്ള എയ്ഡഡ് സ്കൂളായ കാഞ്ഞിരകോട് സെൻറ് മാർഗരറ്റ് എൽ.പി. സ്കൂളിലെ 2017-18-ലെ തസ്തിക നിർണ്ണയത്തെ തുടർന്ന് നിലവിൽ വന്ന അധിക തസ്തികയിൽ 01.11.2021 മുതൽ എൽ.പി.എസ്.റ്റി. ആയി ശ്രീമതി സിസ്ധുമോൾ ജെ.യെ നിയമിച്ച് 07.11.2021-ൽ നിയമന അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുകയുണ്ടായി. എന്നാൽ ടി സ്കൂളിലെ 2017-18, 2018-19 എന്നീ വർഷങ്ങളിൽ നിലവിൽ വന്ന അധികതസ്തികയിൽ സ.ഉ.(പി).04/2021 തീയതി 06.02.2021 പ്രകാരം ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകൾ മാറ്റിവയ്ക്കുന്നതാണ് എന്ന സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ നിന്നും മൂന്ന് നിയമനങ്ങൾ അംഗീകരിച്ച് നൽകിയതിനാലും കേരള ഹൈക്കോടതിയുടെ 23.09.2021-ലെ ഡബ്ല്യു.പി.(സി) നം. 19888/2021 ഉത്തരവിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്2/19500/2019 തീയതി 06.09.2021 നമ്പർ ഉത്തരവ് സ്റ്റേ ചെയ്തിട്ടുള്ള കാരണവും കാണിച്ച് ശ്രീമതി

സിസ്ഡുമോൾ ജെ.യുടെ നിയമനം ഈ കാര്യാലയത്തിൽ നിന്നും നിരസിച്ചിട്ടുള്ളതാണ്.

തുടർന്ന് ആയതിനെതിരെ ടി സ്കൂൾ മാനേജർ കൊല്ലം ജില്ല വിദ്യാഭ്യാസ കാര്യാലയത്തിൽ അപ്പീൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത അപ്പീൽ 06.07.2021-ലെ സ.ഉ.(സാധാ) 3287/2021/പൊ.വി.വ. പ്രകാരം എയ്ഡഡ് സ്കൂളുകളിൽ 2021-22 വർഷം വിരമിക്കൽ, രാജി, പ്രൊമോഷൻ, മരണം എന്നിവ മൂലമുണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിന് മാത്രമാണ് നിർദ്ദേശിച്ചിരിക്കുന്നത്, ടി

നിയമനം അധിക തസ്തികയിലാണ് നടത്തിയിട്ടുള്ളത് എന്നീ വസ്തുതകൾ ചൂണ്ടിക്കാട്ടി നിരസിച്ചിട്ടുള്ളതാണ് എന്ന വിവരവും ടിയാരി റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളത് 01.11.2021 മുതലുള്ള നിയമനം തുടർച്ചയായി അംഗീകാരം ലഭിയ്ക്കുന്നതിനു വേണ്ടിയാണെന്നുള്ള വിവരവും അറിവിലേയ്ക്കായി സമർപ്പിക്കുന്നു.

**5.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്:**

കുണ്ടറ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ പരിധിയിലെ കാത്തലിക് മാനേജ്മെൻറിന്റെ അധീനതയിലുള്ള എയ്ഡഡ് സ്കൂളായ കാഞ്ഞിരകോട് സെൻറ് മാർഗരറ്റ് എൽ.പി. സ്കൂളിലെ 2017-18-ലെ തസ്തികനിർണ്ണയത്തെ തുടർന്ന് നിലവിൽ വന്ന അധികതസ്തികയിൽ 01.11.2021 മുതൽ എൽ.പി.എസ്.റ്റി ആയി ശ്രീമതി സിസ്ഡുമോൾ ജെ.യെ നിയമിച്ച് 07.11.2021-ൽ നിയമന അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുകയുണ്ടായി. എന്നാൽ ടി സ്കൂളിലെ 2017-18, 2018-19 എന്നീ വർഷങ്ങളിൽ നിലവിൽ വന്ന അധികതസ്തികയിൽ സ.ഉ.(പി) 04/2021 തീയതി 06.02.2021 പ്രകാരം ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകൾ മാറ്റിവയ്ക്കുന്നതാണ് എന്ന സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും മൂന്ന് നിയമനങ്ങൾ അംഗീകരിച്ച് നൽകിയതിനാലും, കേരള ഹൈക്കോടതിയുടെ 23.09.2021-ലെ ഡബ്ല്യു.പി.(സി)നം.19888/2021 ഉത്തരവിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്2/19500/2019 തീയതി 06.09.2021 നമ്പർ ഉത്തരവ് സ്റ്റേ ചെയ്തിട്ടുള്ള കാരണവും കാണിച്ച് ശ്രീമതി സിസ്ഡുമോൾ ജെ.യുടെ നിയമനം ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും നിരസിച്ചിട്ടുള്ളതാണ്.

തുടർന്ന് ആയതിനെതിരെ ടി സ്കൂൾ മാനേജർ കൊല്ലം ജില്ലാ വിദ്യാഭ്യാസ കാര്യാലയത്തിൽ

അപ്പീൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത അപ്പീൽ 06.07.2021-ലെ സ.ഉ. (സാധാ) 3287/2021/പൊ.വി.വ. പ്രകാരം എയ്‌ഡഡ് സ്കൂളുകളിൽ 2021-22 വർഷം വിരമിക്കൽ, രാജി, പ്രൊമോഷൻ, മരണം എന്നിവ മൂലമുണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിന് മാത്രമാണ് നിർദ്ദേശിച്ചിരിക്കുന്നത്, ടി നിയമനം അധികതസ്തികയിലാണ് നടത്തിയിട്ടുള്ളത് എന്നീ വസ്തുതകൾ ചൂണ്ടിക്കാട്ടി കൊല്ലം ജില്ല വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചിട്ടുള്ളതാണ്. ടിയാരി റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളത് 01.11.2021 മുതലുള്ള നിയമനം തുടർച്ചയായി അംഗീകാരം ലഭിയ്ക്കുന്നതിനു വേണ്ടിയാണ്. സ.ഉ. (പി) 04/2021 തീയതി 06.02.2021 പ്രകാരം ടി നിയമനം പരിഗണിക്കാവുന്നതാണെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

**6.** സർക്കാർ ഇക്കാര്യം ഹർജിക്കാരിയുടെയും മാനേജരുടെയും വാദങ്ങളുടെയും സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ടി സ്കൂളിൽ 2017-18 വർഷം അനുവദിച്ച LPST അധിക തസ്തികയിലുള്ള ഹർജിക്കാരിയുടെ 01.11.2021 മുതലുള്ള നിയമനം അംഗീകരിച്ചു നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം. ടി വിഷയത്തിൽ താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു :

(1) ടി സ്കൂളിൽ 2017-18 വർഷം 2 എൽ.പി.എസ്.ടി. അധികതസ്തികയും 2018-19- ൽ 2 എൽ.പി.എസ്.ടി. അധികതസ്തികയും അനുവദിച്ചു.

(2) ടി 4 അധികതസ്തികകളിൽ മൂന്നെണ്ണത്തിൽ 06.06.2019-ൽ നിയമിക്കപ്പെട്ട അധ്യാപകർക്ക് മാനേജരുടെ സത്യപ്രസ്താവന നൽകിയതിന്റെ അടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകിയിട്ടുണ്ട്.

(3) ശ്രീമതി. സിന്ധുമോൾക്ക് 2017-18-ലുള്ള അധികതസ്തികയിലാണ് 01.11.2021 മുതൽ എൽ.പി.എസ്.ടി. ആയി നിയമനം നൽകിയിട്ടുള്ളത്.

(4) മാനേജരുടെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ മൂന്ന് നിയമനങ്ങൾ അംഗീകരിച്ചു നൽകിയിട്ടുള്ളതിനാലും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 06.09.2021-ലെ H2/19500/2019 ഉത്തരവ് സ്റ്റേ ചെയ്തിട്ടുള്ളതിനാലും ശ്രീമതി. സിന്ധുമോളുടെ നിയമനം വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചു.

(5) 2017-18 വർഷം അനുവദിച്ചിട്ടുള്ള തസ്തികയിലാണ് ഹർജിക്കാരിയുടെ നിയമനം 01.11.2021-ൽ നടത്തിയിട്ടുള്ളത് എന്നതിനാൽ ഭിന്നശേഷി സംവരണം ബാധകമാകുന്നില്ല എന്നും, G.O.(P)No.2/2023/GEDN dated 25.01.2023 പ്രകാരം ടിയാരിക്ക് നിയമനാംഗീകാരം നൽകാവുന്നതാണെന്നും വിദ്യാഭ്യാസ ഓഫീസർമാർ ഹിയറിംങ് വേളയിൽ അഭിപ്രായപ്പെട്ടു.

(6) G.O.(P)No.2/2023/GEDN dated 23.12.2023 ഖണ്ഡിക (V) പ്രകാരം 2016-17 മുതൽ 2019-20 വരെയുള്ള വർഷങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള അധികതസ്തികകളിലെ ഒഴിവുകളിൽ 2019-20-ന് ശേഷം നിയമനം നടത്തിയിട്ടുള്ള കേസുകളിൽ മാനേജർ G.O.(P)No.4/2021/GEDN തീയതി 06.02.2021 പ്രകാരമുള്ള സത്യപ്രസ്താവന സമർപ്പിക്കുകയാണെങ്കിൽ, അത്തരം നിയമനങ്ങൾക്കും, അവ മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമാണെങ്കിൽ, നിയമനത്തീയതി മുതൽ തന്നെ നോഷണലായി അംഗീകാരം നൽകാവുന്നതാണ്. ഇത്തരം നിയമനാംഗീകാരങ്ങളുടെ സാമ്പത്തികാനുകൂല്യത്തിനുള്ള അർഹത ഈ ഉത്തരവിന്റെ തീയതി മുതൽ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

**7.** മേൽ സാഹചര്യത്തിൽ, സംരക്ഷിത അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച് സത്യപ്രസ്താവന മാനേജർ സമർപ്പിച്ചിട്ടുള്ളത് കണക്കിലെടുത്ത് ടി വിഷയത്തിൽ നിലനിൽക്കുന്ന കേസുകളുടെ അന്തിമവിധിക്ക് വിധേയമായി, ശ്രീമതി സിന്ധുമോൾ ജെ.യുടെ നിയമനം, മറ്റു വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ, 01.11.2021 മുതൽ നോഷണലായും, G.O.(P)No.2/2023/GEDN പുറപ്പെടുവിച്ച തീയതിയായ 23.01.2023 മുതൽ സാമ്പത്തികാനുകൂല്യത്തോടെയും അംഗീകരിച്ചു നൽകുന്നതിന് ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, 09.11.2023-ലെ റിവിഷൻ ഹർജി (Ext.P4) തീർപ്പാക്കി, അപ്രകാരം WP(C)No.39322/2023-ന്മേൽ ബഹു. ഹൈക്കോടതി പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച 08.12.2023 തീയതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

REENA O

അണ്ടർ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 29-06-2024 10:52:56
സെക്ഷൻ ഓഫീസർ

പകർപ്പ്.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ /ആഡിറ്റ്, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുണ്ടറ, കൊല്ലം.

ശ്രീമതി. സിന്ധുമോൾ ജെ., എൽ.പി.എസ്, സെന്റ് മാർഗരറ്റ്സ് എൽ.പി.എസ്., കാഞ്ഞിരക്കോട് കൊല്ലം.

മാനേജർ, സെന്റ് മാർഗരറ്റ്സ് എൽ.പി.എസ്., കാഞ്ഞിരക്കോട് കൊല്ലം.

വിവര പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂമീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിനായി).

കരുതൽ ഫയൽ/[B1/243/2023/GEDN]